FRIDAY

27/06/2025

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS

Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/06/2025

1. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ കുറ്റ്യാടി തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും, സങ്കര ഇനം തെങ്ങിൻ തൈകൾ 250 രൂപ നിരക്കിലും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യക്കാർക്ക് നേര്യമംഗലം ഫാമിൽ നിന്നും തൈകൾ വാങ്ങാം. കുറഞ്ഞത് പത്ത് തൈകൾ വാങ്ങുന്ന കർഷകർക്ക് നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന തെങ്ങ് പുതുകൃഷി പദ്ധതിയിൻ കീഴിൽ സബ്സിഡി ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകിട്ട് 5 മണി വരെ 0485 2554240, 9656858850 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

2. കേരള കാർഷിക സർവകലാശാലയുടെ വിവിധ കാമ്പസുകളിൽ 2025-2026 അധ്യയന വർഷത്തിലെ ബി എസ് സി (ഹോണേഴ്സ്) അഗ്രിക്കൾച്ചർ,ബി എസ് സി (ഹോണേഴ്സ്) ഹോർട്ടിക്കൾച്ചർ , അഗ്രിക്കൾച്ചർ ബി.ടെക് എഞ്ചിനിയറിംഗ് എന്നീ പ്രോഗ്രാമുകളിലേക്ക് (ആർ എഫ് മോഡ് അപേക്ഷിക്കാനുള്ള അവസാന തിയതി നീട്ടിയിട്ടുണ്ട്. KEAM Medical Rank (2025)/ CUET – ICAR (2025) Rank list എന്നിവ പ്രസിദ്ധീകരിക്കുന്ന മുറക്ക് അപേക്ഷിക്കുവാനുള്ള അവസാന തിയതി അറിയിക്കുന്നതാണ്. വിശദ വിവരങ്ങൾക്കും അപേക്ഷ സമ്മർപ്പിക്കുന്നതിനും www.admission.kau.in എന്ന സർവകലാശാല വെബ്പോർട്ടൽ സന്ദർശിക്കുക. അന്വേഷണങ്ങൾക്ക് 04872-438139 എന്ന നമ്പറിൽ ഓഫീസ് സമയത്ത് രാവിലെ 10 മുതൽ വൈകിട്ട് 5 വരെ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലയിൽ പുതിയതായി ആരംഭിച്ച ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ മെക്കനൈസേഷൻ കോഴ്സിലേക്ക് അപേക്ഷകൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷണിക്കുന്നു. ഈ കോഴ്സ് മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ചാണ് നടത്തപ്പെടുന്നത്. അപേക്ഷിക്കേണ്ട അവസാന തിയ്യതി 30 ജൂൺ 2025 ആണ്. അഡ്മിഷൻ സംബന്ധിച്ച വിവരങ്ങൾക്ക് https://www.admissions.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 9446370726, 8714253165 എന്നി നമ്പരുകളിൽ ബന്ധപ്പെടുക

4. ഫ്രാൻസിലെ അഗ്രിക്കൾച്ചറൽ റിസർച്ച് സെൻറർ ഫോർ ഇൻ്റർനാഷണൽ ഡെവലപ്മെന്റിൽ (C I R A D ) പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പിന് അപേക്ഷ ക്ഷണിച്ചു "മൾട്ടി-ഒമിക്സ് അപ്രോച്ച് റ്റു ഡെസിഫർ ദി ഇമ്മ്യൂൺ റെസ്പോൺസസ് കൺട്രോളിങ് കൊറിനിസ്പോറ ലീഫ് ഫാൾ ഡിസീസ് ഓഫ് റബ്ബർ ട്രീ (Multi-omics approach to decipher the immune responses controlling Corynespora leaf fall disease of rubber tree) എന്ന ഗവേഷണപദ്ധതിയിൽ 2025 സെപ്റ്റംബർ ഒന്നു മുതൽ 12 മാസത്തേക്ക് ആയിരിക്കും നിയമനം. ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ഡോ. ബിന്ദു റോയ്, CIRAD (ഫ്രാൻസ്) -ലെ ഡോ. വലേരി പുജേഡ എന്നിവരാണ് ഗവേഷണത്തിന് നേതൃത്വം നൽകുന്നത്. അപേക്ഷകർ പിഎച്ച് ഡി ഡിഗ്രി ഉള്ളവരോ ഉടൻ പിഎച്ച് ഡി. ഡിഗ്രി ലഭിക്കാൻ സാധ്യതയുള്ളവരോ ആയിരിക്കണം. ഫ്രഞ്ച് പൗരത്വം ഒഴികെ മറ്റെല്ലാ പൗരത്വമുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. ഫ്രഞ്ച് ഭാഷയിൽ പ്രാവീണ്യം നിർബന്ധമില്ല. 2025 ജൂലൈ 15-ന് മുമ്പായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് റബ്ബർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബോർഡിന്റെ വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ 9446375352 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

**പരിശീലന പരിപാടി**

5. കേരള കാർഷികസർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിൽ, ‘ അലങ്കാര മത്സ്യകൃഷി, വളർത്തു മത്സ്യ കൃഷി ’ എന്നീ വിഷയങ്ങളിൽ 6 മാസത്തെ പ്രായോഗിക പരിശീലന പരിപാടി നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 5 പേർക്ക് ആയിരിക്കും ആദ്യത്തെ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുക . വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓഫിസ് സമയത്തിൽ 07.07.2025 ന മുമ്പായി (10 മണിക്കും 5 മണിക്കും ഇടയിൽ)

ബന്ധപ്പെടുക -ഫോൺ നമ്പർ 0487-2370773, 8547070773

6. റബ്ബർബോർഡ് റബ്ബറുത്പന്ന നിർമാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോഴ്സ് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ജൂലൈ 02-ന് ആരംഭിക്കും. കോഴ്സ് ഫീസ് 21,000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ). റബ്ബറുത്പന്ന നിർമാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർ വ്യവസായ മേഖലയിൽ

സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ സംസ്കരണം, ഉത്പന്നനിർമാണം, ഗുണമേന്മ നിയന്ത്രണം തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടാം. സംരംഭകത്വത്തിലും സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അറിവുനേടുന്നതിനും അവസരമുണ്ടായിരിക്കും. അക്കാദമിക/വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പറിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in.

7. പട്ടികജാതി പട്ടികവർഗക്കാർക്ക് സൗജന്യ പരിശീലനം

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം പട്ടികജാതി പട്ടികവർഗക്കാരായ ഉദ്യോഗാർഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി സൗജന്യ പരിശീലന പരിപാടി (Special Coaching Scheme) 2025 ജൂലായ് 1ന് തിരുവനന്തപുരത്ത് ആരംഭിക്കുന്നു. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാൻഡ്, കമ്പ്യൂട്ടർ, ഇംഗ്ലീഷ്, അരിത്തമാറ്റിക്, ജനറൽനോളഡ്ജ് വിഷയങ്ങളിലാണ് പരിശീലനം. പ്ലസ് ടു വാണ് അടിസ്ഥാന യോഗ്യത. പ്രായ പരിധി 27 വയസ്സ്. വാർഷിക വരുമാനം 3

ലക്ഷം കവിയാൻ പാടില്ല. കോഴ്സിന്റെ കാലാവധി ഒരു വർഷം. പ്രതിമാസം 1,000 രൂപ സ്റ്റൈപന്റും മറ്റ് പഠനസാമഗ്രികകളും സൗജന്യമായി നൽകും. കോഴ്സിൽ ചേരാൻ താൽപ്പര്യമുള്ളവർ പൂരിപ്പിച്ച അപേക്ഷാഫോറവും അനുബന്ധ രേഖകളുടെ പകർപ്പുകളും സഹിതം "The Sub- Regional Employment Officer I/C, National Career Service Centre for SC/ST, Behind Govt. Music College, Thycaud, Trivandrum-14* എന്ന വിലാസത്തിലോ placementsncstvm@gmail.com ഇ-മെയിലിലോ നേരിട്ട് ഓഫീസിൽ എത്തിയോ അപേക്ഷ സമർപ്പിക്കണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഇന്ന വൈകുന്നേരം (27/06/2025) 5.00 മണി. അപേക്ഷാ ഫോറത്തിനും മറ്റ് വിശദവിവരങ്ങൾക്കും "National Career Service Centre for SC/STs, Trivandrum ഫേസ് ബുക്ക് പേജ് സന്ദർശിക്കുക ഫോൺ: 0471 2332113.

8. **<u>കാർഷിക നിർദേശം</u>**

കുരുമുളകുകൊടി നട്ടുപിടിപ്പിക്കാൻ പറ്റിയ സമയമാണിത്. കൊമ്പു കുത്തി പിടിപ്പിക്കുന്ന ഏത് സസ്യങ്ങളും നടാൻ പറ്റിയ സമയമാണിത്. തിരുവാതിരയിൽ വിരലൂന്നിയാലും മുളയ്ക്കും' എന്നാണ് ചൊല്ല്. ഔഷധസസ്യങ്ങൾ കാട്ടുമരങ്ങൾ, ഫലവൃക്ഷങ്ങൾ എന്നിവ നടാം. വിരിപ്പുനിലങ്ങളിൽ ഒറ്റപ്പുവായി കൃഷി ചെയ്യുന്ന മൂപ്പുകൂടിയ നെൽവിത്തിനങ്ങൾ ഈ ഞാറ്റുവേലയിലാണ് ഞാറിടേണ്ടത്. കപ്പ, വാഴ, മധുരക്കിഴങ്ങ്, കൂർക്ക എന്നിവ നടാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചേനയ്ക്ക് മണ്ണ് അടിപ്പിക്കുന്ന സമയം. കടചീയൽ സാധ്യതയുള്ളതിനാൽ സ്യൂഡോമോണാസ് 20 g/lit എന്ന തോതിൽ കലക്കി ഇലകളിലും തണ്ടിലും ചുവട്ടിലും ഒഴിക്കുന്നത് കടചിയൽ രോഗം ഉണ്ടാകുന്നതിനെ തടയാൻ സഹായിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം